# ഉപഭോക്തൃ വിവര പത്രം / നിങ്ങളുടെ പോളിസി - വൺഹെൽത്ത്-നെ കുറിച്ച് അറിയുക

**ഈ ഡോക്യുമെന്റ് നിങ്ങളുടെ പോളിസിയെക്കുറിച്ചുള്ള പ്രധാന വിവരങ്ങൾ നൽകുന്നു. നിങ്ങളുടെ പോളിസി ഡോക്യുമെന്റും പോളിസി ഷെഡ്യൂളും പരിശോധിക്കാൻ നിങ്ങളോട് നിർദ്ദേശിക്കുന്നു.**

| ക്രമനം | ശീർഷകം | വിവരണം<br>(അടുത്ത കോളത്തിലെ പോളിസി ക്ലോസ് നമ്പർ പരിശോധിക്കുക) | പോളിസി ക്ലോസ് നമ്പർ |
|---|---|---|---|
| 1 | **ഇൻഷുറൻസ് ഉൽപ്പന്നത്തിന്റെ/ പോളിസിയുടെ പേര്** | **വൺഹെൽത്ത്** | |
| 2 | **പോളിസി നമ്പർ** | **XXXX** | |
| 3 | **ഇൻഷുറൻസ് ഉൽപ്പന്നത്തിന്റെ/ പോളിസിയുടെ തരം** | ☒ നഷ്ടപരിഹാരം (ഇൻഷ്വർ ചെയ്ത നഷ്ടങ്ങൾ പോളിസിക്ക് കീഴിലുള്ള സം ഇൻഷ്വർഡ് വരെ പരിരക്ഷിക്കപ്പെടുന്നു.) | |
| 4 | **സം ഇൻഷൂർഡ് (അടിസ്ഥാനം)**<br>(തുക സഹിതം) | ☐ വ്യക്തിഗത സം ഇൻഷ്വർഡ് – (പോളിസിക്ക് കീഴിൽ ഓരോ അംഗത്തിനും പ്രത്യേകം സം ഇൻഷ്വർഡ് ഉണ്ടെങ്കിൽ)<br>അഥവാ<br>☒ ഫ്ളോട്ടർ സം ഇൻഷ്വർഡ് - പോളിസിക്ക് കീഴിലുള്ള എല്ലാ അംഗങ്ങൾക്കും ഒരൊറ്റ സം ഇൻഷ്വർഡ് പരിധി ഉണ്ടെങ്കിൽ അത് ഏതെങ്കിലും ഒരു അംഗത്തിനോ അല്ലെങ്കിൽ എല്ലാ അംഗങ്ങൾക്കുമോ ഉപയോഗിക്കാം | |
| 5 | **പോളിസി കവറേജ്**<br>(എന്താണ് പോളിസി കവർ ചെയ്യുന്നത്?)<br>(പോളിസി ക്ലോസ് നമ്പർ/കൾ) | **ഇതുമായി ബന്ധപ്പെട്ട ചെലവുകൾ:** | |
| | | **ഇൻ-പേഷ്യന്റ് കെയർ:** കുറഞ്ഞത് 24 മണിക്കൂർ തുടർച്ചയായി 'ഇൻ-പേഷ്യന്റ് കെയർ'-ൽ ആശുപത്രി വാസം. | സെക്ഷൻ 2.1 |
| | | XX ദിവസത്തെ **പ്രീ-ഹോസ്പിറ്റലൈസേഷൻ ചെലവുകൾ** (ആശുപത്രിയിൽ പ്രവേശിപ്പിക്കുന്നതിന് മുമ്പുള്ള ചികിത്സ). | സെക്ഷൻ 2.2 |
| | | **ആശുപത്രിവാസത്തിനു ശേഷമുള്ള ചെലവുകൾ:** (ആശുപത്രിയിൽ നിന്ന് ഡിസ്ചാർജ് ചെയ്തതിന് ശേഷമുള്ള ചികിത്സ) ആശുപത്രിയിൽ നിന്ന് ഡിസ്ചാർജ് ചെയ്ത തീയതി മുതൽ XX ദിവസം വരെ. | സെക്ഷൻ 2.3 |
| | | **ഡേ കെയർ ട്രീറ്റ്മെന്റ്:** ലിസ്റ്റുചെയ്ത നടപടിക്രമങ്ങൾക്ക് 24 മണിക്കൂറിൽ താഴെ ആശുപത്രിവാസം (ഡേ കെയർ) ആവശ്യമാണ്. | സെക്ഷൻ 2.4<br>അനുബന്ധം III |
| | | **ആംബുലൻസ് കവർ:** ഒരു അടിയന്തര ഘട്ടത്തെ തുടർന്ന് ഇൻഷ്വർ ചെയ്ത വ്യക്തിയെ റോഡ് ഗതാഗതം വഴി അടുത്തുള്ള ആശുപത്രിയിലേക്ക് മാറ്റുന്നതിനുള്ള ആംബുലൻസ് ചെലവുകൾക്കായി XX രൂപ വരെ ന്യായമായ നിരക്കുകൾ . | സെക്ഷൻ 2.5 |
| | | **അവയവ ദാതാവിന്റെ ചെലവുകൾ:** ഇൻഷ്വർ ചെയ്തയാളുടെ അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്കായി ഒരു അവയവ ദാതാവിനെ ആശുപത്രിയിൽ പ്രവേശിപ്പിച്ച് ചികിത്സിക്കുന്നതിനുള്ള ചെലവുകൾ. | സെക്ഷൻ 2.6 |
| | | **ഡൊമിസിലിയറി ഹോസ്പിറ്റലൈസേഷൻ:** കുറഞ്ഞത് 3 ദിവസമെങ്കിലും തടസ്സമില്ലാതെ ചികിത്സ തുടരുകയാണെങ്കിൽ, വീട്ടിൽ സ്വീകരിക്കുന്ന ചികിത്സയ്ക്കുള്ള മെഡിക്കൽ ചെലവുകൾ. | സെക്ഷൻ 2.7 |
| | | **ആയുഷ് ചികിത്സ:** ഇൻ-പേഷ്യന്റ് ആയുഷ് ചികിത്സയ്ക്ക് എസ്ഐയുടെ XX% വരെ മെഡിക്കൽ ചെലവുകൾ. | സെക്ഷൻ 2.8 |
| | | **ഐവിഎഫ് ചികിത്സാ കവർ:** 40 വയസ്സിന് മുമ്പ് ഈ ചികിത്സ നടത്തിയാൽ ഐവിഎഫ് ചികിത്സയ്ക്കായി മെഡിക്കൽ ചെലവുകൾ രൂപ 50,000 വരെ കവർ ചെയ്യും. | സെക്ഷൻ 2.9 |
| | | **ബാരിയാട്രിക് സർജറി കവർ:** മെഡിക്കൽ ആവശ്യമായ ബരിയാട്രിക് സർജറിക്ക് മെഡിക്കൽ ചെലവ് രൂ. 1,00,000 വരെ കവർ ചെയ്യും. | സെക്ഷൻ 2.10 |
| | | **സൈക്യാട്രിക് ചികിത്സാ കവർ:** മെഡിക്കൽ ഇൻ-പേഷ്യന്റ് ചികിത്സാ ചെലവ് എസ്ഐ വരെ, നിർദ്ദിഷ്ട സൈക്യാട്രിക് കണ്ടീഷനുകൾക്ക് രൂ. 50,000 വരെ സബ്ലിമിറ്റ് | സെക്ഷൻ 2.11 |
| | | **ലസിക് സർജറി കവർ:** ഇൻഷ്വർ ചെയ്ത വ്യക്തിക്ക് റിഫ്രാക്റ്റീവ് ഇൻഡക്സ് പ്ലസ്/മൈനസ് 7.5 അല്ലെങ്കിൽ അതിൽ കൂടുതലുണ്ടെങ്കിൽ ലസിക്ക് ശസ്ത്രക്രിയയ്ക്ക് വിധേയമാകുന്നതിന് രൂ. 25,000 വരെ ചികിത്സാച്ചെലവ് കവർ ചെയ്യും | സെക്ഷൻ 2.12 |

| | | | |
|---|---|---|---|
| | | **എച്ച്ഐവി/എയിഡ്സ് കവർ:** ഇൻ-പേഷ്യന്റ് ഹോസ്പിറ്റലൈസേഷൻ, ഡേ കെയർ ചികിത്സ, എച്ച്ഐവി/എയിഡ്സുമായി ബന്ധപ്പെട്ട ചികിത്സയ്ക്ക് മുമ്പും ശേഷവുമുള്ള ആശുപത്രി ചെലവുകൾ. | സെക്ഷൻ 2.13 |
| | | **ആധുനിക ചികിത്സാ നടപടിക്രമങ്ങൾ:** ലിസ്റ്റുചെയ്ത ആധുനിക ചികിത്സാ നടപടിക്രമങ്ങൾക്കുള്ള കവറേജ് | സെക്ഷൻ 2.14 |
| | | **ഗുരുതരമായ രോഗത്തിനുള്ള ഇ ഒപ്പീനിയൻ:** ഗുരുതരമായ രോഗത്തിനായുള്ള ഞങ്ങളുടെ മെഡിക്കൽ പ്രാക്ടീഷണർമാരുടെ പാനലിൽ നിന്ന് നിങ്ങൾക്ക് ഒരു സെക്കൻഡ് ഇ-ഒപ്പീനിയൻ പ്രയോജനപ്പെടുത്താം. | സെക്ഷൻ 2.16 |
| | | **സൗജന്യ ഹെൽത്ത് ചെക്കപ്പ്:** പോളിസി വർഷത്തിലെ ക്ലെയിമുകൾ പരിഗണിക്കാതെ തന്നെ 25 വയസ്സിന് മുകളിലുള്ള ഇൻഷ്വർ ചെയ്ത വ്യക്തിക്ക് സൌജന്യ വാർഷിക ആരോഗ്യ പരിശോധന | സെക്ഷൻ 2.17 |
| | | **ഫിറ്റ്നസ് റിവാർഡുകളും വെൽനസ് സേവനങ്ങളും:** നിലവിലുള്ള പോളിസി പ്രീമിയത്തിന്റെ പരമാവധി 10% വരെ പോയിന്റുകൾ നേടാനാകും, അത് പോളിസി പുതുക്കുന്ന സമയത്ത് പ്രീമിയത്തിൽ കിഴിവായി റിഡീം ചെയ്യാവുന്നതാണ്. പോളിസി ഡോക്യുമെന്റിൽ വ്യക്തമാക്കിയിട്ടുള്ള മെഡിക്കൽ ചെക്കപ്പിലൂടെയോ വിവിധ ഫിറ്റ്നസ് പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്നതിലൂടെയോ പോയിന്റുകൾ നേടാനാകും. ഡോക്ടർ ഓൺ കോൾ, സ്പെഷ്യലിസ്റ്റിന്റെ ഇ-ഒപ്പീനിയൻ, ന്യൂട്രീഷണൽ ഇ-കൗൺസിലിംഗ്, ആരോഗ്യ സംരക്ഷണവുമായി ബന്ധപ്പെട്ട ഓഫറുകളുടെ വിവരങ്ങൾ തുടങ്ങിയ വെൽനസ് സേവനങ്ങളും ലഭിക്കും. | സെക്ഷൻ 2.18 |
| | | **നേരത്തെ ചേരുന്നതുകൊണ്ടുള്ള ആനുകൂല്യം:** 40 വയസ്സിന് മുമ്പ് നിങ്ങൾ ഞങ്ങളുടെ ഈ പോളിസി വാങ്ങുകയും ഞങ്ങളോടൊപ്പം പുതുക്കുന്നത് തുടരുകയും ചെയ്താൽ പോളിസി ആരംഭിച്ച തീയതി മുതൽ ക്ലെയിം രഹിതമായുള്ള 5 വർഷത്തേക്ക് 2,500 രൂപയും ക്ലെയിം രഹിതമായ 10 വർഷത്തേക്ക് 5,000 രൂപയും ഞങ്ങൾ നിങ്ങൾക്ക് ഒറ്റത്തവണ ആനുകൂല്യമായി നൽകും. | സെക്ഷൻ 2.19 |
| | | **ഗ്രീൻ ചാനൽ ആനുകൂല്യം:** ഇൻ-പേഷ്യന്റ് ചികിത്സ ലഭിക്കാൻ നിങ്ങൾ പിപിഎൻ-ൽ (പ്രിഫേർഡ് പ്രൊവൈഡർ നെറ്റ്‌വർക്ക്) തിരഞ്ഞെടുക്കുകയാണെങ്കിൽ, 50,000 രൂപ വരെയുള്ള ക്ലെയിമുകൾക്ക് ഞങ്ങൾ 1,000 രൂപയുടെ ഒറ്റത്തവണ ആനുകൂല്യ തുക കൂടി നൽകും. 50,000 രൂപയ്ക്ക് മുകളിലുള്ള ക്ലെയിമുകൾക്ക് 2,000 രൂപയും നൽകും. | സെക്ഷൻ 2.20 |
| | | **സം ഇൻഷ്വർഡിന്റെ റീചാർജ്:** പോളിസി വർഷത്തിലെ മുൻ ക്ലെയിമുകൾ കാരണം അടിസ്ഥാന സം ഇൻഷ്വർഡും നോ ക്ലെയിം ബോണസും അപര്യാപ്തമാകുകയാണെങ്കിൽ, ഇൻഷ്വർ ചെയ്ത തുകയുടെ 100% വരെ പരിധിയില്ലാത്ത റീചാർജ്ജ് ചെയ്യാം. | സെക്ഷൻ 2.21 |
| | | **ഹോസ്പിറ്റൽ കാഷ്:** ഹോസ്പിറ്റലൈസേഷന്റെ തുടർച്ചയായതും പൂർത്തിയാക്കിയതുമായ ഓരോ 24 മണിക്കൂർ കാലയളവിനും പ്രതിദിനം XX ലംപ്സം ആനുകൂല്യം ലഭിക്കും. | സെക്ഷൻ 2.22 |
| | | **സിഐയുടെ കാര്യത്തിൽ കോംപാഷനേറ്റ് വിസിറ്റ്:** ഇൻഷ്വർ ചെയ്തയാൾ താമസസ്ഥലത്ത് നിന്ന് 100 കിലോമീറ്റർ അകലെയുള്ള ഒരു ആശുപത്രിയിൽ സിഐക്ക് വേണ്ടി ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെട്ടാൽ, രണ്ട് അടുത്ത കുടുംബാംഗങ്ങൾക്കുള്ള ടു-വേ വിമാനക്കൂലിയോ ഫസ്റ്റ് - ക്ലാസ് റെയിൽവേ ടിക്കറ്റോ XXരൂപ വരെ കവർ ലഭിക്കും. | സെക്ഷൻ 2.23 |
| | | **വരുമാന നഷ്ടത്തിന്റെ ആനുകൂല്യം:** പരിക്ക് മൂലമുള്ള ഒരു രോഗത്തിന്റെ കാര്യത്തിൽ, ഞങ്ങൾ എസ്ഐയുടെ 1/12 അല്ലെങ്കിൽ വാർഷിക ശമ്പളത്തിന്റെ 1/12-ഇതിൽ ഏതാണോ കുറവ്, അത്, 6 മാസത്തേക്ക് ഒറ്റത്തവണയായി ഓരോ മാസവും നൽകും. | സെക്ഷൻ 2.24 |
| | | **മെച്ചപ്പെടുത്തിയ പ്രതിദിന ക്യാഷ് ബെനിഫിറ്റ്:** ഒരു നെറ്റ്‌വർക്ക് പ്രൊവൈഡറിൽ ഒരു ഷെയേർഡ് അക്കമൊഡേഷനിൽ ഉള്ള ആശുപത്രിവാസത്തിന് രൂ. XX ഡെയ്‌ലി ക്യാഷ് തുക നൽകുന്നതാണ്. | സെക്ഷൻ 2.25 |
| | | **ഹോം ട്രീറ്റ്മെന്റ് അഡീഷണൽ ഡെയ്‌ലി ക്യാഷ് ബെനിഫിറ്റ്:** ഞങ്ങൾ അംഗീകരിച്ചിട്ടുള്ള ഒരു സേവന ദാതാവിന്റെ ഹോം കെയർ ചികിത്സ കവർ ചെയ്യുന്നു. അഡീഷണൽ ഡെയ്‌ലി ക്യാഷ് രൂ. XX നൽകുന്നതാണ്. | സെക്ഷൻ 2.26 |
| | | **കമ്പാനിയൻ ബെനിഫിറ്റ്:** 12 വയസ്സിന് താഴെയുള്ള ഇൻഷ്വർഡിനെ ആശുപത്രിയിൽ പ്രവേശിപ്പിച്ചാൽ ഡെയ്‌ലി ക്യാഷ് രൂ. XX നൽകും | സെക്ഷൻ 2.27 |

| | | | |
|---|---|---|---|
| | | **പ്രസവാനുകൂല്യങ്ങൾ:**<br>**മെറ്റേണിറ്റി കവർ:** ഇൻഷ്വർ ചെയ്ത വ്യക്തിയുടെ കുട്ടിയുടെ പ്രസവത്തിന് രൂ. 1,00,000. വരെ ചികിത്സാ ചെലവുകൾ.<br>**ന്യൂബോൺ ബേബി കവർ:** ഇൻഷ്വർ ചെയ്ത വ്യക്തിയുടെ കുട്ടിയുടെ ചികിത്സാ ചെലവ് ആശുപത്രിയിൽ പ്രവേശിപ്പിക്കുന്നതിന് രൂ. 50,000 വരെ<br>**നവജാത ശിശുവിനുള്ള വാക്സിനേഷൻ:** വാക്സിനേഷൻ ചെലവ് രൂ.10,000 വരെ (ന്യൂബോൺ ബേബി കവറിനായി നിർവചിച്ചിരിക്കുന്ന പരിധിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. | സെക്ഷൻ 2.28<br>സെക്ഷൻ 2.28(1)<br>സെക്ഷൻ 2.28(2)<br>സെക്ഷൻ 2.28(3) |
| | | **ഔട്ട്പേഷ്യന്റ് കവർ:** വൈദ്യശാസ്ത്രപരമായി ആവശ്യമായ കൺസൾട്ടേഷനുകൾ, ഡയഗ്നോസ്റ്റിക് ടെസ്റ്റുകൾ, മരുന്നുകൾ എന്നിവയ്ക്കായി ഔട്ട് പേഷ്യന്റ് അടിസ്ഥാനത്തിൽ രൂ. 20,000 വരെയുള്ള ചെലവ് കവർ ചെയ്യും (ദന്തചികിത്സ, കണ്ണടകൾ, കോൺടാക്റ്റ് ലെൻസുകൾ, ശ്രവണസഹായികൾ എന്നിവയ്ക്ക് ഈ പരിധിയുടെ 30% ഉപപരിധി ഉണ്ടായിരിക്കും) | സെക്ഷൻ 2.29 |
| | | **സുഖം പ്രാപിക്കാനുള്ള ആനുകൂല്യം:**<br>15 ദിവസത്തിനപ്പുറം ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെടുകയാണെങ്കിൽ ഞങ്ങൾ 20000 രൂപ ഒറ്റത്തവണയായി നൽകും. | സെക്ഷൻ 2.30 |
| | | **ലോകമെമ്പാടുമുള്ള എമർജൻസി ഹോസ്പിറ്റലൈസേഷൻ കവർ:**<br>എസ്ഐയുടെ 50% വരെയുള്ള ചികിത്സാ ചെലവുകൾ അല്ലെങ്കിൽ 20,00,000 രൂപ, ഇതിൽ ഏതാണ് കുറവ്, അത്. ഇന്ത്യക്ക് പുറത്തു നടത്തുന്ന അത്തരം ചികിത്സ ഒരു മെഡിക്കൽ പ്രാക്ടീഷണർ മുഖേന അടിയന്തരാവസ്ഥയായും ഇന്ത്യയിലേക്ക് എത്തുന്നതു വരെ നീട്ടിവെക്കാൻ കഴിയില്ല എന്നു സാക്ഷ്യപ്പെടുത്തുകയും വേണം. 2 ലക്ഷത്തിന്റെ ഡിഡക്റ്റിബിൾസ്. | സെക്ഷൻ 2.31 |
| | | **എയർ ആംബുലൻസ് കവർ:** ഒരു പരിക്കോ അല്ലെങ്കിൽ അസുഖമോ മൂലം അടിയന്തിരമായി നിങ്ങളെ ആവശ്യത്തിനു സൌകര്യമുള്ള ആശുപത്രിയിലേക്ക് നീക്കുന്നതിന് എയറോപ്ലെയിൻ അല്ലെങ്കിൽ ആംബുലൻസ് ആയി ഉപയോഗിക്കാൻ അനുമതിയുള്ള ഹെലികോപ്റ്ററിൽ നിങ്ങളെ കൊണ്ടു പോകുന്നതിനുള്ള ചെലവ് രൂ. 1,00,000 വരെ കവർ ചെയ്യും | സെക്ഷൻ 2.32 |
| | | **ഓപ്ഷണൽ കവറുകൾ** | |
| | | **ക്രിട്ടിക്കൽ ഇൽനെസ് കവർ:** എസ്ഐക്ക് തുല്യമായ തുക അല്ലെങ്കിൽ രൂ. 10,00,000 ഏതാണോ കുറവ്, അത് പോളിസി ഡോക്യുമെന്റിൽ വ്യക്തമാക്കിയിട്ടുള്ള ലിസ്റ്റുചെയ്തിട്ടുള്ള 11 ഗുരുതരമായ അസുഖങ്ങളിൽ ഏതെങ്കിലും രോഗനിർണയം ചെയ്താൽ നൽകും | ഓപ്ഷണൽ ബെനിഫിറ്റുകൾ 1 |
| | | **വ്യക്തിഗത അപകടത്തിന്റെ കവർ:** എസ്ഐക്ക് തുല്യമായ തുക അല്ലെങ്കിൽ രൂ. 10,00,000 ഏതാണോ കുറവ്, അത് മരണം അല്ലെങ്കിൽ അപകടത്തിന്റെ പരിക്ക് മൂലമുള്ള ശാശ്വത വൈകല്യം എന്നിവയിൽ നൽകും. | ഓപ്ഷണൽ ബെനിഫിറ്റുകൾ 2 |
| | | **മൊത്തം കിഴിവ്:** ആ പോളിസി വർഷത്തിൽ നടത്തിയ ഏതെങ്കിലും ക്ലെയിം സംബന്ധിച്ച് പോളിസിക്ക് കീഴിലുള്ള പേയ്മെന്റ് നടത്താനുള്ള ഞങ്ങളുടെ ബാധ്യത പോളിസി വർഷത്തിൽ രൂ. XX കൊടുത്തു തീരുന്ന മുറയ്ക്കേ ആരംഭിക്കുകയുള്ളൂ | ഓപ്ഷണൽ ബെനിഫിറ്റുകൾ 3 |
| | | **വോളണ്ടറി കോ-പേയ്മെന്റ്:** ഓരോ ക്ലെയിമിനും അനുവദനീയമായ ക്ലെയിം തുകയുടെ XX ശതമാനം നിങ്ങൾ വഹിക്കേണ്ടതാണ്. | ഓപ്ഷണൽ ബെനിഫിറ്റുകൾ 4 |
| | | **ഹോസ്പിറ്റൽ ക്യാഷ് ഓപ്ഷണൽ കവർ:** ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെട്ട 24 മണിക്കൂർ തുടർച്ചയായി പൂർത്തിയാക്കിയ ഓരോ കാലയളവിനും പ്രതിദിനം രൂ. 1,000 ലംപ്സം ബെനിഫിറ്റ് | ഓപ്ഷണൽ ബെനിഫിറ്റുകൾ 5 |
| | | **ബോണസ് ബൂസ്റ്റർ:** ഈ ഓപ്ഷണൽ കവറിനൊപ്പം, പോളിസിക്ക് ബാധകമായ ക്യുമുലേറ്റീവ് ബോണസ് പരിധികൾ ഇതായിരിക്കും: ഓരോ പോളിസി വർഷത്തിലും അടിസ്ഥാന തുകയുടെ 20%, പരമാവധി 100% അടിസ്ഥാന തുകയുടെ 100% വരെ | ഓപ്ഷണൽ ബെനിഫിറ്റുകൾ 6 |
| | | **മെറ്റേണിറ്റി ബെനിഫിറ്റ് ഓപ്ഷണൽ കവർ:**<br>**മെറ്റേണിറ്റി കവർ:** ഇൻഷ്വർ ചെയ്ത വ്യക്തിയുടെ കുട്ടിയുടെ പ്രസവത്തിന് രൂ. 1,00,000. വരെ ചികിത്സാ ചെലവുകൾ.<br>**ന്യൂബോൺ ബേബി കവർ:** ഇൻഷ്വർ ചെയ്ത വ്യക്തിയുടെ കുട്ടിയുടെ ചികിത്സാ ചെലവ് ആശുപത്രിയിൽ പ്രവേശിപ്പിക്കുന്നതിന് രൂ. 25,000 വരെ | ഓപ്ഷണൽ ബെനിഫിറ്റുകൾ 7 |

| | | | |
|---|---|---|---|
| | | **നവജാത ശിശുവിനുള്ള വാക്സിനേഷൻ:** വാക്സിനേഷൻ ചെലവ് രൂ.5,000 വരെ ന്യൂബോൺ ബേബി കവറിനായി നിർവചിച്ചിരിക്കുന്ന പരിധിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു | |
| | | **ഹോം ട്രീറ്റ്മെന്റ് അഡീഷണൽ ഡെയ്‌ലി ക്യാഷ് ഓപ്ഷണൽ കവർ:** പ്രതി ദിനം ഡെയ്‌ലി ക്യാഷ് എമൌണ്ട് രൂ. 1,000 ഞങ്ങൾ അധികാരപ്പെടുത്തിയ ഒരു സേവന ദാതാവിൽ നിന്നുള്ള ഹോം കെയർ ചികിത്സയ്ക്കായി നൽകും. | ഓപ്ഷണൽ ബെനിഫിറ്റുകൾ 8 |
| | | **മെച്ചപ്പെടുത്തിയ പ്രീ & പോസ്റ്റ് ഹോസ്പിറ്റലൈസേഷൻ കവർ:** ഈ ഓപ്ഷണൽ കവറിനൊപ്പം, പ്രീ-ഹോസ്പിറ്റലൈസേഷൻ പരിധി 60 ദിവസമായും പോസ്റ്റ് ഹോസ്പിറ്റലൈസേഷൻ 90 ദിവസമായും വർദ്ധിപ്പിക്കുന്നു | ഓപ്ഷണൽ ബെനിഫിറ്റുകൾ 9 |
| | | **ലോകമെമ്പാടുമുള്ള എമർജൻസി ഹോസ്പിറ്റലൈസേഷൻ ഓപ്ഷണൽ കവർ:** എസ്ഐയുടെ 50% വരെയുള്ള ചികിത്സാ ചെലവുകൾ അല്ലെങ്കിൽ 10,00,000 രൂപ, ഇതിൽ ഏതാണ് കുറവ്, അത്. ഇന്ത്യക്ക് പുറത്തു നടത്തുന്ന അത്തരം ചികിത്സ ഒരു മെഡിക്കൽ പ്രാക്ടീഷണർ മുഖേന അടിയന്തരാവസ്ഥയായും ഇന്ത്യയിലേക്ക് എത്തുന്നതു വരെ നീട്ടിവെക്കാൻ കഴിയില്ല എന്നു സാക്ഷ്യപ്പെടുത്തുകയും വേണം. 2 ലക്ഷത്തിന്റെ ഡിഡക്റ്റിബിൾസ്. | ഓപ്ഷണൽ ബെനിഫിറ്റുകൾ 10 |
| | | **കോവിഡ്-19-നുള്ള ഒപിഡിയും ഹോം കെയറും:** കോവിഡ്-19 പോസിറ്റീവ് ആണെന്ന് രോഗനിർണയം നടത്തിയാൽ ഇൻഷ്വർ ചെയ്ത വ്യക്തിക്ക് ചികിത്സ ലഭ്യമാക്കുകയാണെങ്കിൽ, വീട്ടിൽ ക്വാറന്റൈനോ ഐസൊലേഷനോ അല്ലെങ്കിൽ കോവിഡ്-19 ഐസൊലേഷൻ സൗകര്യമോ നിർദ്ദേശിക്കപ്പെടുകയാണെങ്കിൽ ഹോം കെയർ ചികിത്സാ ചെലവായി രൂ. XX തിരികെ നൽകും. | ഓപ്ഷണൽ ബെനിഫിറ്റുകൾ 11 |
| | | **നോൺപേയബിൾ എക്സ്പെൻസ് കവർ:** ഈ പോളിസിയുടെ അനെക്സ് II ന്റെ 'ലിസ്റ്റ് I - പോളിസിയിൽ കവറേജ് ലഭ്യമല്ലാത്ത ഇനം' എന്നതിന് കീഴിൽ കൊടുത്തിരിക്കുന്ന ചെലവുകൾ പരിരക്ഷിക്കപ്പെടും. | ഓപ്ഷണൽ ബെനിഫിറ്റുകൾ 12 |
| | | **ഒരേ രോഗങ്ങൾക്കുള്ള റീചാർജ് ആനുകൂല്യം:** സെക്ഷൻ 2.21-ന് കീഴിൽ സൂചിപ്പിച്ചിരിക്കുന്ന ആനുകൂല്യം, (ഇൻഷ്വർ ചെയ്ത തുകയുടെ റീചാർജ്) ഒരേ രോഗം അല്ലെങ്കിൽ അനുബന്ധ ട്ട അസുഖങ്ങൾക്ക് റീചാർജ് ആനുകൂല്യം നൽകുന്നതിനായി വിപുലീകരിച്ചിരിക്കുന്നു. | ഓപ്ഷണൽ ബെനിഫിറ്റുകൾ 13 |
| | | **സോൺ തിരിച്ചുള്ള കോ-പേ വെയ്‌വർ :** ബാധകമായ മേഖലയേക്കാൾ ഉയർന്ന മേഖലയിലാണ് ചികിത്സ എടുക്കുന്നതെങ്കിൽ ഈ പോളിസിയുടെ സെക്ഷൻ 5.5 പ്രകാരം ബാധകമായ കോ-പേ ഞങ്ങൾ ഒഴിവാക്കും. | ഓപ്ഷണൽ ബെനിഫിറ്റുകൾ 14 |
| | | **സ്മാർട്ട് ഫ്ലെക്സി സേവർ:** 4 പോളിസി വർഷങ്ങൾക്ക് ശേഷം തുടർച്ചാ ആനുകൂല്യത്തോടെ നിങ്ങളുടെ വൺഹെൽത്ത് പോളിസിയെ മൊത്തം ഡിഡക്ടിബിളോടു കൂടിയ ഒരു ബേസ് പോളിസിയാക്കി മാറ്റാൻ ഞങ്ങൾ നിങ്ങൾക്ക് ഒരു ഓപ്ഷൻ നൽകുന്നു. | ഓപ്ഷണൽ ബെനിഫിറ്റുകൾ 15 |
| | | **എയർ ആംബുലൻസ് കവർ:** ഒരു പരിക്കോ അല്ലെങ്കിൽ അസുഖമോ മൂലം അടിയന്തിരമായി നിങ്ങളെ ആവശ്യത്തിനു സൌകര്യമുള്ള ആശുപത്രിയിലേക്ക് നീക്കുന്നതിന് എയറോപ്ലെയിൻ അല്ലെങ്കിൽ ആംബുലൻസ് ആയി ഉപയോഗിക്കാൻ അനുമതിയുള്ള ഹെലികോപ്റ്ററിൽ നിങ്ങളെ കൊണ്ടു പോകുന്നതിനുള്ള ചെലവ് രൂ. 1,00,000 വരെ കവർ ചെയ്യും | ഓപ്ഷണൽ ബെനിഫിറ്റുകൾ 16 |
| | | **നിർബന്ധിത കോ പേയ്മെന്റ് നീക്കംചെയ്യൽ:** ഈ ഓപ്ഷണൽ ആനുകൂല്യം ഇൻഷ്വർ ചെയ്ത/ഇൻഷ്വർ ചെയ്ത വ്യക്തിക്ക് നിർബന്ധിത കോ-പേയ്മെന്റിന്റെ ഇളവ് ലഭിക്കാൻ അനുവദിക്കുന്നു, ഇത് പോളിസി ആരംഭിക്കുമ്പോൾ ഇൻഷ്വർ ചെയ്ത വ്യക്തിക്ക് 61 വയസോ അതിൽ കൂടുതലോ പ്രായമുണ്ടെങ്കിൽ അത് അനുവദനീയമായ ക്ലെയിം തുകയിൽ ബാധകമാകുന്നതാണ്. | ഓപ്ഷണൽ ബെനിഫിറ്റുകൾ 17 |
| | | **നിലവിലുള്ള രോഗത്തിന്റെ കാത്തിരിപ്പ് കാലയളവ് കുറയ്ക്കൽ:** ഈ ഓപ്ഷണൽ ആനുകൂല്യം, പ്രീ എക്സിസ്റ്റിംഗ് കാത്തിരിപ്പ് കാലയളവ് കുറയ്ക്കാൻ നിങ്ങളെ അനുവദിക്കുന്നു. | ഓപ്ഷണൽ ബെനിഫിറ്റുകൾ 18 |
| | | **ആദ്യത്തെ മുപ്പത് ദിവസത്തെ കാത്തിരിപ്പ് കാലയളവ് കുറയ്ക്കൽ:** ഈ ഓപ്ഷണൽ ആനുകൂല്യം ആദ്യ മുപ്പത് ദിവസത്തെ കുറഞ്ഞ കാത്തിരിപ്പ് കാലയളവ് തിരഞ്ഞെടുക്കാൻ നിങ്ങളെ അനുവദിക്കുന്നു (കോഡ്- Excl03). | ഓപ്ഷണൽ ബെനിഫിറ്റുകൾ 19 |

MAGMA General Insurance Limited

| | | | |
|---|---|---|---|
| | | **ഔട്ട്പേഷ്യന്റ് കവർ:** വൈദ്യശാസ്ത്രപരമായി ആവശ്യമായ കൺസൾട്ടേഷനുകൾക്കും രോഗനിർണ്ണയ പരിശോധനകൾക്കും ഔട്ട്-പേഷ്യന്റ് അടിസ്ഥാനത്തിൽ മരുന്നുകൾക്കുമുള്ള മെഡിക്കൽ ചെലവുകൾ രൂ. 20,000 വരെ | ഓപ്ഷണൽ ബെനിഫിറ്റുകൾ 20 |
| | | **ഗ്ലോബൽ കവർ:** രോഗനിർണയം ഇന്ത്യയിൽ നടത്തിയാലും ഇൻഷ്വർ ചെയ്തയാൾ ചികിത്സയ്ക്കായി വിദേശത്തേക്ക് പോകുകയാണെങ്കിൽ സം ഇൻഷ്വൂർഡ് വരെ അല്ലെങ്കിൽ രൂ. 50 ലക്ഷം വരെ യുള്ള മെഡിക്കൽ ചെലവുകൾ കവർ ചെയ്യും | ഓപ്ഷണൽ ബെനിഫിറ്റുകൾ 21 |
| | | **എൻഹാൻസ്ഡ് മെറ്റേണിറ്റി ബെനിഫിറ്റ്:** പോളിസിയിൽ ഇൻഷ്വർ ചെയ്ത സ്ത്രീകൾക്ക് മാത്രമേ ഈ ആനുകൂല്യം ലഭ്യമാകൂ. 24 മാസത്തെ കാത്തിരിപ്പ് കാലയളവ് ബാധകമായിരിക്കും, കൂടാതെ ഓപ്ഷണൽ കവർ 7 മെറ്റേണിറ്റി ബെനിഫിറ്റുകൾ തിരഞ്ഞെടുത്താൽ മാത്രമേ അത് തിരഞ്ഞെടുക്കാനാകൂ. | ഓപ്ഷണൽ ബെനിഫിറ്റുകൾ 22 |
| | | **വിപുലമായ പോസ്റ്റ് ഹോസ്പിറ്റലൈസേഷൻ ആനുകൂല്യം:** ഈ ഓപ്ഷണൽ ആനുകൂല്യം ആശുപത്രിവാസത്തിനു ശേഷമുള്ള 180 ദിവസത്തേക്ക് ചെലവുകളുടെ കവറേജ് തിരഞ്ഞെടുക്കാൻ നിങ്ങളെ അനുവദിക്കുന്നു. | ഓപ്ഷണൽ ബെനിഫിറ്റുകൾ 23 |
| | | **ബോണസ് ബൂസ്റ്റർ പ്ലസ്:** ഈ ഓപ്ഷണൽ കവറിനൊപ്പം, പോളിസിക്ക് ബാധകമായ ക്യുമുലേറ്റീവ് ബോണസ് പരിധി ഇവയാണ്:<br>5 ലക്ഷത്തിന് തുല്യമോ അതിൽ കൂടുതലോ എസ്ഐ:- എസ്ഐ-യുടെ 100%, പരമാവധി 500% വിധേയമായി | ഓപ്ഷണൽ ബെനിഫിറ്റുകൾ 24 |
| | | **ഇൻഫിനിറ്റ് ബോണസ് ബൂസ്റ്റർ:** ഈ ഓപ്ഷണൽ കവറിനൊപ്പം, പോളിസിക്ക് ബാധകമായ ക്യുമുലേറ്റീവ് ബോണസ് പരിധികൾ ഇവയാണ്:<br>10 ലക്ഷത്തിന് തുല്യമോ അതിൽ കൂടുതലോ എസ്ഐ:- എസ്ഐ-യുടെ 100%, പരമാവധി പരിധിയില്ലാത്ത എസ്ഐ വിധേയമായി | ഓപ്ഷണൽ ബെനിഫിറ്റുകൾ 25 |
| | | **എൻഹാൻസ്ഡ് കവറേജ്:** ഈ ഓപ്ഷണൽ കവറിനൊപ്പം, സം ഇൻഷ്വൂർഡ് , ബേസ് സം ഇൻഷ്വൂർഡിന്റെ 2 മടങ്ങ് ആയിരിക്കും, കൂടാതെ പോളിസി കാലാവധിയിലെ ആദ്യത്തെ ക്ലെയിമിന് മാത്രം ഇത് ബാധകമായിരിക്കും | ഓപ്ഷണൽ ബെനിഫിറ്റുകൾ 26 |
| | | **ഓരോ ക്ലെയിമിലും ഉള്ള ഡീഡക്റ്റബിൾസ്:** ഈ കവർ തിരഞ്ഞെടുത്തിട്ടുണ്ടെങ്കിൽ, പോളിസി ഒരു ടോപ്പ്-അപ്പ് പോളിസിയായി മാറുന്നു, അതിൽ ഒരു പോളിസി വർഷത്തിലെ ഓരോ ക്ലെയിമും ഡിഡക്റ്റബിൾ പരിധി കടന്നതിനുശേഷം മാത്രമേ ഞങ്ങൾ നൽകൂ. ഓരോ ക്ലെയിമിനും ഡിഡക്റ്റ് ചെയ്യുന്നത് ഉപഭോക്താവ് തിരഞ്ഞെടുക്കുന്നത് പോലെ രൂ. XXXXXX ആണ്) | ഓപ്ഷണൽ ബെനിഫിറ്റുകൾ 27 |
| | | **ർദ്ദിഷ്ട രോഗ കാത്തിരിപ്പ് കാലയളവ് കുറയ്ക്കൽ:** ഈ ഓപ്ഷണൽ ആനുകൂല്യം ഇൻഷ്വർ ചെയ്തവർക്ക്/ഇൻഷ്വർ ചെയ്ത വ്യക്തിക്ക് 1 വർഷം വരെയുള്ള കുറഞ്ഞ നിർദ്ദിഷ്ട രോഗ കാത്തിരിപ്പ് കാലയളവ് തിരഞ്ഞെടുക്കാൻ അനുവദിക്കുന്നു. | ഓപ്ഷണൽ ബെനിഫിറ്റുകൾ 28 |
| | | **ഡ്യൂറബിൾ എക്യുപ്മെന്റ് കവർ:** ഈ ഓപ്ഷണൽ കവർ ലഭ്യമാകുമ്പോൾ, ലിസ്റ്റുചെയ്തിരിക്കുന്ന ഏതെങ്കിലും ഡ്യൂറബിൾ മെഡിക്കൽ ഉപകരണങ്ങൾ വാങ്ങുന്നതിനോ വാടകയ്ക്കെടുക്കുന്നതിനോ ഉള്ള ചെലവുകൾ രൂ. 5 ലക്ഷം അല്ലെങ്കിൽ ബേസ് എസ്ഐ വരെ, ഏതാണോ കുറവ് അത് ഞങ്ങൾ തിരികെ നൽകും. | ഓപ്ഷണൽ ബെനിഫിറ്റുകൾ 29 |
| | | **പ്രസവത്തിനുള്ള 1 വർഷത്തെ കാത്തിരിപ്പ് കാലയളവ്:** പോളിസിയിൽ ഇൻഷ്വർ ചെയ്തിട്ടുള്ള സ്ത്രീകൾക്ക് മാത്രമേ ഈ ആനുകൂല്യം ലഭ്യമാകൂ. ഈ ആനുകൂല്യത്തിന് 12 മാസത്തെ കാത്തിരിപ്പ് കാലയളവ് ബാധകമായിരിക്കും. മുകളിൽ സൂചിപ്പിച്ച കാത്തിരിപ്പ് കാലയളവ് ഇൻഷ്വർ ചെയ്തിട്ടുള്ള സ്ത്രീയുടെ പോളിസി ആരംഭിച്ച തീയതി മുതൽ ആരംഭിക്കും. 3 വർഷത്തെ പോളിസി കാലാവധിയോടെ മാത്രമേ ഈ കവർ തിരഞ്ഞെടുക്കാൻ കഴിയൂ. | ഓപ്ഷണൽ ബെനിഫിറ്റുകൾ 30 |
| | | **സറോഗസി കവർ:** 25-35 വയസ്സ് പ്രായമുള്ള വാടക അമ്മയ്ക്ക് ഈ ആനുകൂല്യം ലഭ്യമാണ്, അവർ പോളിസി കാലയളവിന്റെ 36 മാസത്തേക്ക് പ്രതിഫലം പറ്റാതെയുള്ള സറോഗേറ്റായിരിക്കണം.<br><br>**ഉപ പരിധികൾ താഴെ പറയുന്നു :-**<br>**7.5 ലക്ഷം വരെയുള്ള എസ്ഐ-ക്ക് രൂ. 25,000**<br>**7.5 ലക്ഷം മുതൽ 25 ലക്ഷം വരെയുള്ള എസ്ഐ-ക്ക് –രൂ. 50,000**<br>**25 ലക്ഷത്തിന് മുകളിലുള്ള എസ്ഐ-ക്ക് – രൂ.1,00,000** | ഓപ്ഷണൽ ബെനിഫിറ്റുകൾ 31 |

| | | | |
|---|---|---|---|
| | | **ഊസൈറ്റ് ദാതാവ് കവർ:** 12 മാസത്തേക്കോ പോളിസി കാലയളവിലേക്കോ അണ്ഡം ദാനം ചെയ്യുന്ന ഒരു ഊസൈറ്റ് ദാതാവിന് ഈ ആനുകൂല്യം ലഭ്യമാണ്.<br><br>**ഉപ പരിധികൾ താഴെ പറയുന്നു:-**<br>**7.5 ലക്ഷം വരെയുള്ള എസ്ഐ-ക്ക് രൂ. 25,000**<br>**7.5 ലക്ഷം മുതൽ 25 ലക്ഷം വരെയുള്ള എസ്ഐ-ക്ക് –രൂ. 50,000**<br>**25 ലക്ഷത്തിന് മുകളിലുള്ള എസ്ഐ-ക്ക് – രൂ.1,00,000** | ഓപ്ഷണൽ ബെനിഫിറ്റുകൾ 32 |
| | | **സൂപ്പർ സേവർ പായ്ക്ക്:**<br>**പ്രീ പോസ്റ്റ് ഹോസ്പിറ്റലൈസേഷൻ** - പ്രീ-ഹോസ്പിറ്റലൈസേഷൻപരിധി 60 ദിവസമായും ആശുപത്രി പ്രവേശനത്തിന് ശേഷമുള്ള കാലാവധി 180 ദിവസമായും ഉയർത്തിയിട്ടുണ്ട്.<br>**ബോണസ് ബൂസ്റ്റർ** - പോളിസിക്ക് ബാധകമായ ക്യുമുലേറ്റീവ് ബോണസ് പരിധികൾ പോളിസി വർഷത്തിൽ ബേസ് സം ഇൻഷുർഡിന്റെ 20% ആയിരിക്കും, പരമാവധി ബേസ് സം ഇൻഷ്വർഡിന്റെ 100% വരെ.<br>**ഒരേ രോഗങ്ങൾക്കുള്ള റീചാർജ് ആനുകൂല്യം** - സെക്ഷൻ 2.21-ൽ പരാമർശിച്ചിരിക്കുന്ന ആനുകൂല്യം (സം ഇൻഷ്വർഡിന്റെ റീചാർജ്) അതേരോഗത്തിനോ അല്ലെങ്കിൽ അനുബന്ധ രോഗത്തിനോ റീചാർജ് ആനുകൂല്യം നൽകുന്നതിനായി വിപുലീകരിച്ചിരിക്കുന്നു. | ഓപ്ഷണൽ ബെനിഫിറ്റുകൾ 33 |
| | | **സ്മാർട്ട് നെറ്റ്‌വർക്ക് ആനുകൂല്യം:** ഈ ഓപ്ഷണൽ കവർ ലഭിക്കുമ്പോൾ, 'സ്മാർട്ട് നെറ്റ്‌വർക്ക്' എന്ന് ലിസ്റ്റ് ചെയ്തിട്ടുള്ള ഒരു ആശുപത്രിയിൽ മാത്രം സെക്ഷൻ 2 പ്രകാരം ബാധകമായ രീതിയിൽ ക്യാഷ്‌ലെസ്സ് ചികിത്സ സ്വീകരിക്കാൻ പോളിസി ഉടമയ്ക്ക് അർഹതയുണ്ടായിരിക്കും. അടിയന്തര പരിചരണത്തിനായി ആശുപത്രിയിൽ പ്രവേശിപ്പിക്കേണ്ടി വന്നാൽ, പോളിസി ഉടമയ്ക്ക് ഏത് ആശുപത്രിയിലും ചികിത്സ തേടാം. | ഓപ്ഷണൽ ബെനിഫിറ്റുകൾ 34 |
| | | **ഇൻസ്റ്റാ കവർ:** പോളിസി പട്ടികയിൽ സൂചിപ്പിച്ചിരിക്കുന്നതുപോലെ പോളിസി ആരംഭ തീയതി മുതൽ ലിസ്റ്റുചെയ്ത രോഗങ്ങൾ/അസുഖങ്ങൾ/ അവസ്ഥകൾ മൂലം ഇൻഷുർ ചെയ്ത വ്യക്തി/വ്യക്തികളെ ആശുപത്രിയിൽ പ്രവേശിപ്പിക്കുന്നതിന് ഉണ്ടാകുന്ന മെഡിക്കൽ ചെലവുകൾ കമ്പനി നഷ്ടപരിഹാരം നൽകും.<br>1. ആസ്ത്മ<br>2. വൈദ്യശാസ്ത്രപരമായി ഹൈപ്പർടെൻഷൻ എന്നറിയപ്പെടുന്ന രക്തസമ്മർദ്ദം<br>3. ഹൈപ്പർലിപിഡീമിയ എന്നറിയപ്പെടുന്ന കൊളസ്ട്രോൾ<br>4. പ്രമേഹം<br>5. അമിതവണ്ണം<br>6. പിടിസിഎ ഉള്ള കൊറോണറി ആർട്ടറി രോഗം<br>7. കൊറോണറി ആർട്ടറി ബൈപാസ് ഗ്രാഫ്റ്റ്<br>8. ക്രോണിക് ഒബ്സ്ട്രക്റ്റീവ് പൾമണറി രോഗം (സിഒപിഡി)<br><br>കവർ ചെയ്യാനുള്ള ഓപ്ഷൻ<br>1. എല്ലാ രോഗങ്ങളും (ഇൻസ്റ്റാ8)<br>2. ആദ്യത്തെ നാല് രോഗങ്ങൾ (ഇൻസ്റ്റാ4) | ഓപ്ഷണൽ ബെനിഫിറ്റുകൾ 35 |
| | | **പരിധിയില്ലാത്ത പരിചരണം:** ഇൻഷ്വർ ചെയ്ത വ്യക്തിയെ ആശുപത്രിയിൽ പ്രവേശിപ്പിക്കുന്നതിന് ഉണ്ടാകുന്ന മെഡിക്കൽ ചെലവുകൾ, പോളിസി ഉടമയുടെ രേഖാമൂലമുള്ള അഭ്യർത്ഥന പ്രകാരം, ഇൻഷ്വർ ചെയ്ത തുകയ്ക്ക് പരിധികളില്ലാതെ, ഇൻ-പേഷ്യന്റ് ചികിത്സ/ഡേകെയർ നടപടിക്രമങ്ങൾ/ചികിത്സ/ഇൻ-പേഷ്യന്റ് ആയുഷ് ഹോസ്പിറ്റലൈസേഷൻ/ പോളിസിയുടെ മൊത്തം കാലയളവിൽ ഏതെങ്കിലും ഒരു ക്ലെയിമിന് കീഴിൽ ഞങ്ങൾ വഹിക്കുന്നതാണ്. | ഓപ്ഷണൽ ബെനിഫിറ്റുകൾ 36 |
| | | **ഫ്യൂച്ചറിസ്റ്റിക് കവർ:** അംഗം പ്രാരംഭ കാത്തിരിപ്പ് കാലയളവ്, നിർദ്ദിഷ്ട രോഗ കാത്തിരിപ്പ് കാലയളവ്, പ്രസവ കാത്തിരിപ്പ് കാലയളവ് (പ്രസവ ഓപ്ഷൻ/കൾ തിരഞ്ഞെടുത്തിട്ടുണ്ടെങ്കിൽ) എന്നിവ വിജയകരമായി പൂർത്തിയാക്കിയാൽ ഞങ്ങൾ ഭാവിയിൽ ചേർക്കുന്ന പങ്കാളിക്ക് തുടർച്ചാ ആനുകൂല്യം നൽകും, പുതുതായി ചേർക്കുന്ന പങ്കാളിയുടെ പ്രായം പ്രവേശന സമയത്ത് 35 വയസ്സ് വരെയാണെങ്കിൽ മാത്രമേ ഇത് നടപ്പാക്കുകയുള്ളൂ. | ഓപ്ഷണൽ ബെനിഫിറ്റുകൾ 37 |

| | | | |
|---|---|---|---|
| | | **റൂം റെന്റ് മോഡിഫയർ:** ഇൻഷ്വർ ചെയ്ത വ്യക്തി സെക്യൂർ പ്ലാനിനായുള്ള ഈ ഓപ്ഷണൽ കവർ തിരഞ്ഞെടുത്തിട്ടുണ്ടെങ്കിൽ, ഇൻഷ്വർ ചെയ്ത വ്യക്തിക്ക് സിംഗിൾ പ്രൈവറ്റ് റൂമിന് പകരം താഴെയുള്ള റൂം വിഭാഗത്തിലേക്ക് മാറാനുള്ള ഓപ്ഷൻ ഉണ്ടായിരിക്കും:<br><br>എ. റൂം വാടക യോഗ്യത ഏതെങ്കിലും തരത്തിലുള്ള നിയന്ത്രണമില്ലാതെ ഏതെങ്കിലും റൂം വിഭാഗത്തിലേക്ക് പരിഷ്കരിക്കുന്നതിന് അല്ലെങ്കിൽ<br>ബി. റൂം വാടക യോഗ്യത ട്വിൻ ഷെയറിംഗ് റൂമിലേക്ക് പരിഷ്കരിക്കുന്നതിന് | ഓപ്ഷണൽ ബെനിഫിറ്റുകൾ 38 |
| **6** | **ഒഴിവാക്കലുകൾ (പോളിസിയിൽ ഉൾക്കൊള്ളാത്തത്)** | സ്റ്റാൻഡേർഡ് ഒഴിവാക്കലുകൾ<br>1. അന്വേഷണവും അവലോകനവും (കോഡ്- Excl04)<br>2. വിശ്രമ ചികിത്സ, പുനരധിവാസം, വിശ്രമ പരിചരണം (കോഡ്- Excl05)<br>3. ലിംഗ മാറ്റ ചികിത്സ (കോഡ്- Excl07)<br>4. കോസ്മെറ്റിക് അല്ലെങ്കിൽ പ്ലാസ്റ്റിക് സർജറി (കോഡ്- Excl08)<br>5. അപകടകരമായ അല്ലെങ്കിൽ സാഹസിക കായിക വിനോദങ്ങൾ: (കോഡ്- Excl09)<br>6. നിയമലംഘനം (കോഡ്- Excl10)<br>7. ഒഴിവാക്കപ്പെട്ട ദാതാക്കൾ (കോഡ്- Excl11)<br>8. മദ്യപാനം, മയക്കുമരുന്ന് അല്ലെങ്കിൽ ലഹരിവസ്തുക്കളുടെ ദുരുപയോഗം അല്ലെങ്കിൽ ഏതെങ്കിലും ആസക്തിയുള്ള അവസ്ഥയ്ക്കും അതിന്റെ അനന്തരഫലങ്ങൾക്കുമുള്ള ചികിത്സ.<br>9. ഹീത്ത് ഹൈഡ്രോസ്, നേച്ചർ ക്യൂർ ക്ലിനിക്കുകൾ, സ്പാകൾ അല്ലെങ്കിൽ സമാനമായ സ്ഥാപനങ്ങൾ അല്ലെങ്കിൽ നഴ്സിങ് ഹോം ആയി രജിസ്റ്റർ ചെയ്തിട്ടുള്ള സ്വകാര്യ കിടക്കകൾ അല്ലെങ്കിൽ ഗാർഹിക കാരണങ്ങളാൽ പ്രവേശനം പൂർണ്ണമായോ ഭാഗികമായോ ക്രമീകരിച്ചിരിക്കുന്ന സ്ഥലങ്ങളിലോ ലഭിക്കുന്ന ചികിത്സ. (കോഡ്- Excl13)<br>10. ഹോസ്പിറ്റലൈസേഷൻ ക്ലെയിം അല്ലെങ്കിൽ ഡേ കെയർ നടപടിക്രമത്തിന്റെ ഭാഗമായി ഒരു മെഡിക്കൽ പ്രാക്ടീഷണർ നിർദ്ദേശിച്ചിട്ടില്ലെങ്കിൽ, വിറ്റാമിനുകളും ധാതുക്കളും ഓർഗാനിക് പദാർത്ഥങ്ങളും ഉൾപ്പെടെ എന്നാൽ അതിൽ മാത്രം പരിമിതപ്പെടുത്താതെ, കുറിപ്പടി ഇല്ലാതെ വാങ്ങാൻ കഴിയുന്ന ഡയറ്ററി സപ്ലിമെന്റുകളും പദാർത്ഥങ്ങളും. (കോഡ്- Excl14)<br>11. റിഫ്രാക്റ്റീവ് പിശക് (കോഡ്- Excl15)<br>12. തെളിയിക്കപ്പെടാത്ത ചികിത്സകൾ (കോഡ്- Excl16)<br>13. വന്ധ്യതയും വന്ധ്യതയും (കോഡ്- Excl17)<br>14. പ്രസവ ചെലവുകൾ (കോഡ് Excl18) ശ്രദ്ധിക്കുക: ഈ ഒഴിവാക്കൽ പ്രസവ ആനുകൂല്യങ്ങൾക്ക് ബാധകമല്ല (സെക്ഷൻ 2.28)<br><br>പ്രത്യേക ഒഴിവാക്കലുകൾ<br>1. സെക്ഷൻ 2.8 (ആയുഷ് ചികിത്സ) പ്രകാരമുള്ള ആനുകൂല്യങ്ങൾ ഒഴികെയുള്ള ഏതെങ്കിലും ബദൽ ചികിത്സ<br>2. കവർ ചെയ്യുന്നതായി വ്യക്തമായി സൂചിപ്പിച്ചിട്ടില്ലാത്ത ആശുപത്രി വാസവുമായി ബന്ധപ്പെട്ട ചാർജുകൾ. ഏത് തലത്തിലായാലും ആശുപത്രി ഈടാക്കുന്ന സർവീസ് ചാർജ്ജുകൾ. ഈ ഒഴിവാക്കിയ ചെലവുകളുടെ പൂർണ്ണമായ ലിസ്റ്റ് ഈ പോളിസിയുടെ അനുബന്ധം II-ൽ സൂചിപ്പിച്ചിരിക്കുന്നു, ലിസ്റ്റ് www.magmainsurance.com. എന്ന ഞങ്ങളുടെ വെബ്സൈറ്റിൽ ലഭ്യമാണ്. ഈ ഒഴിവാക്കൽ സെക്ഷൻ 2.20 (ഗ്രീൻ ചാനൽ ബെനിഫിറ്റ്) ന് ബാധകമല്ല<br>3. രോഗി വെജിറ്റേറ്റീവ് നിലയിലാണെന്ന് ചികിത്സിക്കുന്ന ഡോക്ടർ സ്ഥിരീകരിച്ചതിന് ശേഷം ആ വ്യക്തിയുടെ ജീവൻ നിലനിറുത്താൻ ഉപയോഗിക്കുന്ന ലൈഫ് സപ്പോർട്ട് മെഷീൻ ഉൾപ്പെടെയുള്ള ആർട്ടിഫിഷ്യൽ ലൈഫ് മെയിന്റനൻസ് ചെലവുകൾ,<br>4. ഏതെങ്കിലും രോഗത്തിനോ പരിക്കുകൾക്കോ വേണ്ടി വരുന്ന ഹോസ്പിറ്റലൈസേഷൻ/ഡേകെയർ ചികിത്സയുടെ ഏതെങ്കിലും കാലയളവുമായി ബന്ധപ്പെട്ട ഏതെങ്കിലും മെഡിക്കൽ സർട്ടിഫിക്കറ്റ്, മെഡിക്കൽ രേഖകൾ, ചികിത്സ അല്ലെങ്കിൽ അസുഖ സംബന്ധമായ രേഖകൾ എന്നിവ വാങ്ങുന്നതിന് ചിലവാകുന്ന നിരക്കുകൾ. | സെക്ഷൻ 3 |

5. ഒരു രോഗത്തിന്റെയോ അസുഖത്തിന്റെയോ ചികിത്സയ്ക്കോ അല്ലെങ്കിൽ ഒരു അപകടത്തെ തുടർന്നോ ആവശ്യമായി വരുന്നത് ഒഴികെയുള്ള ലിംഗാഗ്ര ചർമ്മ ഛേദനം.
6. ആണവ അല്ലെങ്കിൽ രാസ മലിനീകരണം, യുദ്ധം, കലാപം, വിപ്ലവം അല്ലെങ്കിൽ ഭീകരപ്രവർത്തനങ്ങൾ (പ്രകൃതി ക്ഷോഭം അല്ലെങ്കിൽ ദുരന്തം ഒഴികെ) എന്നിവയുടെ ഫലമായുണ്ടാകുന്ന ഏതെങ്കിലും രോഗത്തിനോ പരിക്കുകൾക്കോ ഉള്ള ചികിത്സ.
7. ഏതെങ്കിലും ബാഹ്യ ജന്മവൈകല്യത്തിനുള്ള ചികിത്സ. 3.2.10) മോണരോഗം അല്ലെങ്കിൽ കേടുപാടുകൾ മൂലം പല്ലിനുണ്ടാകുന്ന തകരാറ അല്ലെങ്കിൽ രോഗം, അല്ലെങ്കിൽ ടെമ്പോറോമാണ്ടിബുലാർ ജോയിന്റിലെ തകരാറുകൾ, അല്ലെങ്കിൽ അവയിൽ നിന്ന് ഉണ്ടാകുന്ന അസ്ഥി രോഗങ്ങളുടെ ചികിത്സയ്ക്കുള്ള ശസ്ത്രക്രിയാ നടപടിക്രമങ്ങൾ ഉൾപ്പെടെയുള്ള ദന്ത ചികിത്സ. ഔട്ട്പേഷ്യന്റ് കവറിനു (സെക്ഷൻ 2.29) ഈ ഒഴിവാക്കൽ ബാധകമല്ല: ഒരു അപകടത്തിന്റെ ഫലമായി ഇൻഷ്വർ ചെയ്ത വ്യക്തിയെ ആശുപത്രിയിൽ പ്രവേശിപ്പിക്കുകയും ഒരു ഹോസ്പിറ്റലിൽ ഇൻപേഷ്യന്റ് കെയറിനായി ഒരു മെഡിക്കൽ പ്രാക്ടീഷണർ നടത്തുന്ന ശസ്ത്രക്രിയാ നടപടിക്രമത്തിന് ഞങ്ങൾ പണം നൽകും.
8. മുകളിൽ പറഞ്ഞ സെക്ഷൻ 2.3 പ്രകാരം ആശുപത്രിവാസത്തിനു ശേഷമുള്ള മെഡിക്കൽ ചെലവുകളിൽ ഉൾപ്പെടുത്തിയിട്ടുള്ളതല്ലാതെ, ഒപിഡി ചികിത്സയ്ക്കോ ഇൻഷ്വർ ചെയ്ത വ്യക്തിക്ക് ഹോസ്പിറ്റൽ വിടുമ്പോൾ വീട്ടിലേക്ക് കൊണ്ടുപോകുന്നതിന് നൽകുന്നതോ നിർദ്ദേശിച്ചതോ ആയ ഏതെങ്കിലും മരുന്നുകളോ സർജിക്കൽ ഡ്രെസ്സിംഗുകളോ . ഔട്ട്പേഷ്യന്റ് കവറിൽ ഈ ഒഴിവാക്കൽ ബാധകമല്ല (സെക്ഷൻ 2.29)
9. സാധാരണ നേത്ര പരിശോധനകൾ, കോൺടാക്റ്റ് ലെൻസ് കണ്ണടകൾ, ശ്രവണസഹായികൾ, ഡെന്റ്വേഴ്സ് , കൃത്രിമ പല്ലുകൾ എന്നിവയ്ക്ക് ഞങ്ങൾ പണം നൽകില്ല. ഔട്ട്പേഷ്യന്റ് കവറിനു ഈ ഒഴിവാക്കൽ ബാധകമല്ല (സെക്ഷൻ 2.29)
10. ക്രോൺസ് രോഗം, അഴസറേറ്റിവ് കൊളൈറ്റിസ്, സിസ്റ്റിക് കിഡ്നിസ്, ന്യൂറോഫിബ്രോമാറ്റോസിസ്, ഫാക്ടർ വി ലൈഡൻ ത്രോംബോഫീലിയ, ഫാമിലിയൽ ഹൈപ്പർ കൊളസ്ട്രോളീമിയ, ഹീമോഫീലിയ, ഹെറിഡിറ്ററി ഫ്രക്ടോസ് അസഹിഷ്ണുത, ഹെറിഡിറ്ററി ഹെറോക്ട്രോമാറ്റോസിസ് എന്നിവയിൽ നിന്ന് ഉണ്ടാകുന്ന ഏതെങ്കിലും ചികിത്സ.
11. പ്രീ-ഹോസ്പിറ്റലൈസേഷൻ അല്ലെങ്കിൽ പോസ്റ്റ്-ഹോസ്പിറ്റലൈസേഷൻ സമയത്ത് ആവശ്യമായി വന്നേക്കാവുന്ന സ്വകാര്യ നഴ്സിംഗ്/അറ്റൻഡന്റ് ചാർജുകൾ.
12. കുറിപ്പടി ഇല്ലാത്ത മരുന്നുകളോ ചികിത്സയോ.
13. ഫിറ്റ്നസ് സർട്ടിഫിക്കറ്റ് വിതരണം, ഫിറ്റ്നസ് പരീക്ഷകൾ
14. ഹോസ്പിറ്റലൈസേഷൻ/അസുഖത്തിന്റെ ഏതെങ്കിലും കാലയളവുമായി ബന്ധപ്പെട്ട ഏതെങ്കിലും ചികിത്സ/അസുഖവുമായി ബന്ധപ്പെട്ട രേഖകൾ വാങ്ങുന്നതിന് ചിലവാകുന്ന നിരക്കുകൾ.
15. രോഗനിർണയത്തിനും ഒപ്പം/അല്ലെങ്കിൽ ചികിത്സയ്ക്കും ഉപയോഗിക്കുന്ന എക്സ്റ്റേണൽ കൂടാതെ/അല്ലെങ്കിൽ ഡ്യൂറബിൾ മെഡിക്കൽ/നോൺ-മെഡിക്കൽ ഉപകരണങ്ങൾ, CPAP, CAPD, ഇൻഫ്യൂഷൻ പമ്പ്.
16. ആംബുലേറ്ററി ഉപകരണങ്ങൾ, വാക്കറുകൾ, ഊന്നുവടികൾ, ബെൽറ്റുകൾ, കോളറുകൾ, തൊപ്പികൾ, സ്പ്ലിന്റുകൾ, സ്ലിംഗുകൾ, ബ്രേസുകൾ, ഏതെങ്കിലും തരത്തിലുള്ള സ്റ്റോക്കിംഗ്സ്, പ്രമേഹ പാദരക്ഷകൾ, ഗ്ലൂക്കോമീറ്റർ / തെർമോമീറ്റർ കൂടാതെ പിന്നീട് വീട്ടിൽ ഉപയോഗിക്കുന്ന ഏതെങ്കിലും മെഡിക്കൽ ഉപകരണങ്ങൾ.
17. ഒപിഡി ചികിത്സയ്ക്ക് പരിരക്ഷയില്ല. എന്നിരുന്നാലും ഈ ഒഴിവാക്കൽ ഇതിന് ബാധകമല്ല:
   a. ഔട്ട്പേഷ്യന്റ് കവർ (സെക്ഷൻ 2.29)
   b. നവജാത ശിശുവിനുള്ള വാക്സിനേഷൻ (സെക്ഷൻ 2.28 (3))
18. നവജാത ശിശുവിനുള്ള വാക്സിനേഷൻ ഒഴികെയുള്ള എല്ലാ പ്രതിരോധ പരിചരണവും, കുത്തിവയ്പ്പുകളും പ്രതിരോധ കുത്തിവയ്പ്പുകളും ഉൾപ്പെടെ (സെക്ഷൻ 2.28 (3))

MAGMA General Insurance Limited

| | | | |
|---|---|---|---|
| | | 19. മനഃപൂർവം സ്വയം വരുത്തിവച്ച ഒരു മുറിവിനുള്ള ചികിത്സ, ആത്മഹത്യാശ്രമം ഉൾപ്പെടെ.<br>20. സ്ലീപ് അപ്നിയ, കൂർക്കംവലി അല്ലെങ്കിൽ ഉറക്കവുമായി ബന്ധപ്പെട്ട മറ്റേതെങ്കിലും ശ്വസന പ്രശ്നങ്ങൾക്കുള്ള ചികിത്സ.<br>21. ഇന്ത്യക്ക് പുറത്ത് ലഭിക്കുന്ന ഏത് ചികിത്സയും. സെക്ഷൻ 2.31 (ലോകമെമ്പാടുമുള്ള എമർജൻസി ഹോസ്പിറ്റലൈസേഷൻ കവർ) ന് ഈ ഒഴിവാക്കൽ ബാധകമല്ല.)<br>22. മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ അംഗീകാരമില്ലാത്ത ഒരു മെഡിക്കൽ പ്രാക്ടീഷണർ നൽകുന്ന ചികിത്സ.<br>23. ഇൻഷ്വർ ചെയ്ത വ്യക്തിയുടെ അതേ താമസസ്ഥലത്ത് താമസിക്കുന്ന ആളോ അല്ലെങ്കിൽ ഇൻഷ്വർ ചെയ്ത വ്യക്തിയുടെ അടുത്ത കുടുംബാംഗമോ നൽകുന്ന ചികിത്സ.<br>24. ഹോസ്പിറ്റലൈസേഷൻ ആവശ്യമായി വരുന്നതോ അല്ലാത്തതോ ആയ ഏതെങ്കിലും രോഗത്തിന്റെ അല്ലെങ്കിൽ പരിക്കിന്റെ പോസിറ്റീവ് നിലനിൽപ്പിന്റെയോ സാന്നിദ്ധ്യത്തിന്റെയോ രോഗനിർണ്ണയത്തിനും ചികിത്സയ്ക്കും പൊരുത്തപ്പെടുന്നതോ അല്ലെങ്കിൽ സമാനയതോ അല്ലാത്ത, എക്സ്-റേ അല്ലെങ്കിൽ ലബോറട്ടറി പരിശോധനകൾ അല്ലെങ്കിൽ മറ്റ് ഡയഗ്നോസ്റ്റിക് പഠനങ്ങൾ. | |
| 7 | **കാത്തിരിപ്പ് കാലയളവ്** | • **ആദ്യത്തെ മുപ്പത് ദിവസത്തെ കാത്തിരിപ്പ് കാലയളവ് (കോഡ് - Excl03):** എല്ലാ രോഗങ്ങൾക്കും 30 ദിവസം (പുതുക്കലിനോ അപകടങ്ങൾക്കോ ബാധകമല്ല)<br>• **ഗുരുതര രോഗത്തിനുള്ള പ്രാരംഭ കാത്തിരിപ്പ് കാലയളവ്:** പോളിസിരേഖയിൽ വ്യക്തമാക്കിയിട്ടുള്ള എല്ലാ ഗുരുതരമായ രോഗങ്ങൾക്കും 90 ദിവസം.<br>• **നിർദ്ദിഷ്ട കാത്തിരിപ്പ് കാലയളവുകൾ:** നിർദ്ദിഷ്ട രോഗങ്ങൾക്കുള്ള ചികിത്സയിൽ 24 മാസം<br>ഈ രോഗങ്ങളുടെ പട്ടിക ഇതാണ്:<br>1. തിമിരം<br>2. പിത്താശയത്തിലോ, മൂത്രാശയ സംവിധാനങ്ങളിലെയോ കല്ലുകൾ<br>3. ഹെർണിയ / ഹൈഡ്രോസെൽ<br>4. ഏതെങ്കിലും അപകടകരമല്ലാത്ത തകരാറിനുള്ള ഹിസ്റ്റെരെക്ടമി<br>5. മുഴകൾ / സിസ്റ്റുകൾ / നോഡ്യൂളുകൾ / പോളിപ്സ് / ഇന്റേണൽ ട്യൂമേഴ്സ്<br>6. ഗ്യാസ്ട്രിക്, ഡുവോഡിനൽ അൾസർ<br>7. ടോൺസിൽസ് / അഡിനോയിഡ്സ് ശസ്ത്രക്രിയ<br>8. ഓസ്റ്റിയോ ആർത്രൈറ്റിസ് / സന്ധിവാതം/ സന്ധിവാതം/ വാതം / സ്പോണ്ടിലോസിസ് / സ്പോണ്ടിലൈറ്റിസ് / ഇന്റർവെർടെബ്രൽ ഡിസ്ക് പ്രോലാപ്സ്<br>9. ഫിഷർ / ഫിസ്റ്റുല / ഹെമറോയ്ഡ്<br>10. സൈനസൈറ്റിസ് / ഡീവിയേറ്റഡ് നാസൽ സെപ്റ്റം / ടിമ്പനോപ്ലാസ്റ്റി / ക്രോണിക് സപ്പുറേറ്റീവ് ഓട്ടിറ്റിസ് മീഡിയ<br>11. ബെനിൻ പ്രോസ്റ്റാറ്റിക് ഹൈപ്പർട്രോഫി<br>12. മുട്ട് / ഇടുപ്പ് സന്ധി മാറ്റിസ്ഥാപിക്കൽ, ഏതെങ്കിലും ലിഗമെന്റ്, ടെൻഡോൺ അല്ലെങ്കിൽ പേശി കീറൽ<br>13. ഡിലേറ്റേഷൻ ആൻഡ് ക്യൂറേറ്റേജ്<br>14. വെരിക്കോസ് വെയിൻ<br>15. പ്രവർത്തനരഹിതമായ ഗർഭാശയത്തിലെ രക്തസ്രാവം / ഫൈബ്രോയിഡുകൾ / സ്ഥാനഭ്രംശമുള്ള ഗർഭപാത്രം / എൻഡോമെട്രിയോസിസ്<br>16. വിട്ടുമാറാത്ത വൃക്ക പരാജയം അല്ലെങ്കിൽ അവസാന ഘട്ടത്തിലെത്തിയ വൃക്ക പരാജയം<br>17. ആന്തരിക ജന്മവൈകല്യങ്ങൾ/രോഗങ്ങൾ/ വൈകല്യങ്ങൾ<br>• **മുൻപേ നിലവിലുള്ള രോഗങ്ങൾ (കോഡ്- Excl01): പ്രഖ്യാപിതവും അംഗീകൃതവുമായ മുൻകാല രോഗങ്ങളുടെ കവറേജിനുള്ള കാത്തിരിപ്പ് കാലയളവ് ബാധകമാണ്** –<br>XX | സെക്ഷൻ 3.1.3<br><br>സെക്ഷൻ 3.2.1<br><br>സെക്ഷൻ 3.1.2<br><br>സെക്ഷൻ 3.1.1<br><br>സെക്ഷൻ 2.9<br><br>സെക്ഷൻ 2.28 |

| | | | |
|---|---|---|---|
| | | • **ഐവിഎഫ് കവറിനായി:** പോളിസി ആരംഭിച്ച തീയതി മുതൽ 3 വർഷത്തെ കാത്തിരിപ്പ് കാലയളവ് ബാധകമായിരിക്കും.<br>• **പ്രസവാനുകൂല്യങ്ങൾക്ക്:** പോളിസി ആരംഭിച്ച തീയതി മുതൽ 48 മാസം.<br>• മാനസിക ചികിത്സയ്ക്കും ലാസിക് സർജറിക്കും: പോളിസി ആരംഭിച്ച തീയതി മുതൽ 36 മാസം.<br>• ബാരിയാട്രിക് സർജറി കവർ - പോളിസി ആരംഭിച്ച തീയതി മുതൽ 3 വർഷത്തെ കാത്തിരിപ്പ് കാലയളവ്<br>• ലാസിക് സർജറി കവർ - പോളിസി ആരംഭിച്ച തീയതി മുതൽ 3 വർഷത്തെ കാത്തിരിപ്പ് കാലയളവ് | |
| 8 | **കവറേജിന്റെ സാമ്പത്തിക പരിധികൾ** | **1. സബ്ലിമിറ്റ്** (ഇത് മുൻകൂട്ടി നിർവചിച്ച പരിധിയാണ്, ഈ പരിധിയിൽ കൂടുതൽ തുക ഞങ്ങൾ നൽകില്ല)<br>ഒരു ക്ലെയിമിന്റെ കാര്യത്തിൽ, ഈ പോളിസിയിൽ നിങ്ങൾ ഇനിപ്പറയുന്ന ചെലവുകൾ പങ്കിടേണ്ടതുണ്ട്: ഇനിപ്പറയുന്ന ഉപപരിധികൾ കവിയുന്ന ചെലവുകൾ -<br>• റൂം/ഐസിയു ചാർജ്ജ് XX*ന് അപ്പുറം<br>• ഇനിപ്പറയുന്ന നിർദ്ദിഷ്ട രോഗങ്ങൾക്ക്:<br>• തിമിര ചികിത്സയ്ക്ക്, ഓരോ പോളിസി വർഷത്തിനും താഴെ പറയുന്ന സബ്ലിമിറ്റ് ഓരോ കണ്ണിനും ബാധകമാകും: XX<br>• വേൾഡ് വൈഡ് എമർജൻസി ഹോസ്പിറ്റലൈസേഷൻ കവറിനു കീഴിൽ, രൂ. 2 ലക്ഷം ഡിഡക്ടിബിൾസ് ബാധകമായിരിക്കും. | സെക്ഷൻ 2.1<br><br>സെക്ഷൻ 2.1<br><br>സെക്ഷൻ 2.31 |
| | | 2. **കോ-പേയ്മെന്റ്** (ഇത് പോളിസി ഹോൾഡർ/ ഇൻഷ്വർ ചെയ്തയാൾ അടയ്ക്കേണ്ട അനുവദനീയമായ ക്ലെയിം തുകയുടെ നിശ്ചിത തുകയാണ്/ ശതമാനമാണ്)<br>ഹയർ സോൺ ആശുപത്രികളിലെ ചികിത്സയ്ക്കായി നടത്തുന്ന എല്ലാ ക്ലെയിമുകൾക്കും ഒരു കോ-പേയ്മെന്റ് ബാധകമാകും -<br>o സോൺ 2 മുതൽ സോൺ 1 വരെ: 25%<br>o സോൺ 3 മുതൽ സോൺ 2 വരെ: 20%<br>o സോൺ 3 മുതൽ സോൺ 1 വരെ: 35%<br>പോളിസി ഷെഡ്യൂളിൽ ബാധകമായ പോലെ ഇൻഷ്വർ ചെയ്ത വ്യക്തി സോണിന് പുറത്തായിരിക്കുമ്പോൾ സംഭവിക്കുന്ന അപകടത്തെത്തുടർന്ന് അടിയന്തിരമായി ആശുപത്രിയിൽ പ്രവേശിപ്പിക്കുന്നതിനും ആവശ്യമായ അടിയന്തര ചികിത്സയ്ക്കും അത്തരം കോ-പേ ബാധകമാകില്ല.<br>പോളിസി ആരംഭിക്കുന്ന തീയതിയിൽ ഇൻഷ്വർ ചെയ്ത വ്യക്തിക്ക് 61 വയസ്സോ അതിൽ കൂടുതലോ പ്രായമുണ്ടെങ്കിൽ, ഓരോ ക്ലെയിമിനും അനുവദനീയമായ ക്ലെയിം തുകയുടെ 20% കോ-പേയ്മെന്റ് ബാധകമായിരിക്കും. | സെക്ഷൻ 5.5<br><br>സെക്ഷൻ 5.2 |
| | | **3. ഡിഡക്ടബിൾസ്** (ഇത് ഒരു നിശ്ചിത തുകയാണ്)<br>• ഒരു ഇൻഷുറൻസ് കമ്പനി ഈ തുക വരെ ഒരു ക്ലെയിമും നൽകാത്തതും<br>• മൊത്തം ക്ലെയിം തുകയിൽ നിന്ന് കുറയ്ക്കുന്നതുമാണ് (ക്ലെയിം തുക നിർദ്ദിഷ്ട തുകയേക്കാൾ കൂടുതലാണെങ്കിൽ) XX | |
| 9 | **ക്ലെയിമുകൾ / ക്ലെയിം നടപടികൾ** | **ക്യാഷ്ലെസ്സ് സർവീസിന്:**<br>• സ്റ്റാൻഡേർഡ് ക്ലെയിം ഫോമും (പാർട്ട് എയും പാർട്ട് ബിയും) ക്യാഷ്ലെസ്സ് പ്രീ-ഓഥറൈസേഷൻ അഭ്യർത്ഥന ഫോമും പരിശോധനയ്ക്കായി ഞങ്ങളുടെ www.magmainsurance.com എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. അഭ്യർത്ഥന പ്രകാരം ഞങ്ങളുടെ ഏത് ഓഫീസിൽ നിന്നും ഇത് ലഭിക്കും.<br>• ടോൾ ഫ്രീ നമ്പർ - 1800 266 3202<br>• അപ്ഡേറ്റ് ചെയ്ത നെറ്റ്വർക്ക് ആശുപത്രികളുടെ ലിസ്റ്റും ഒഴിവാക്കപ്പെട്ട ആശുപത്രി ലിസ്റ്റും ഞങ്ങളുടെ വെബ്സൈറ്റായ www.magmainsurance.com-ൽ നിന്നും ഞങ്ങളുടെ ടിപിഎ-യുടെ വെബ്സൈറ്റിൽ നിന്നും ലഭിക്കും. ടിപിഎയുടെ നെറ്റ്വർക്ക് ആശുപത്രികളിൽ മാറ്റം ഉണ്ടാകാനിടയുള്ള കാര്യം ദയവായി ശ്രദ്ധിക്കുക.<br>• ക്ലെയിം ഫോം ഇവിടെ നിന്ന് ഡൗൺലോഡ് ചെയ്യുക: https://www.magmainsurance.com/web/magmainsurance/ downloads<br>• ആവശ്യമായ രേഖകൾക്കൊപ്പം അഭ്യർത്ഥന ലഭിച്ച് ഒരു മണിക്കൂറിനുള്ളിൽ നെറ്റ്വർക്ക് ദാതാവിന് അംഗീകാരം നൽകുന്നതാണ്. | സെക്ഷൻ 5.6-1 |

| | | | |
|---|---|---|---|
| | | • ഡിസ്ചാർജ് സമയത്ത് ആവശ്യമായ രേഖകൾക്കൊപ്പം ഡിസ്ചാർജ് അംഗീകാര അഭ്യർത്ഥന ലഭിച്ച് 3 മണിക്കൂറിനുള്ളിൽ ഫൈനൽ ക്യാഷ് ലെസ്സ് അംഗീകാരം ലഭിക്കും. | |
| | | **ക്ലെയിം റീഇംബേഴ്സ്മെന്റിനായി**<br>• ക്ലെയിമിന്റെ അറിയിപ്പ്: ആസൂത്രണം ചെയ്തുള്ള ആശുപത്രി പ്രവേശനത്തിന് 72 മണിക്കൂർ മുമ്പെങ്കിലും ദയവായി ഞങ്ങളെ ബന്ധപ്പെടുക. അടിയന്തിര ആശുപത്രിയിൽ പ്രവേശിപ്പിക്കുന്നതിന്, ആശുപത്രിയിൽ പ്രവേശിപ്പിച്ച് 24 മണിക്കൂറിനുള്ളിൽ ദയവായി ബന്ധപ്പെടുക.<br>• ക്ലെയിം സമർപ്പിക്കൽ: ഇൻഷ്വർ ചെയ്തയാൾ എല്ലാ പ്രസക്തമായ ക്ലെയിം രേഖകളും സമർപ്പിക്കണം, കൂടാതെ ക്ലെയിമുകൾ, അറിയിപ്പ് ലഭിച്ച തീയതി മുതൽ 15 ദിവസത്തിനുള്ളിൽ (ആവശ്യമായ രേഖകൾക്കൊപ്പം) ഓരോ കേസും അനുസരിച്ച് തീർപ്പാക്കുകയോ നിരസിക്കുകയോ ചെയ്യും. | സെക്ഷൻ 5.6 (2) (a)<br><br>സെക്ഷൻ 5.6 (3) |
| **10** | **പോളിസി സർവീസിംഗ്** | ഞങ്ങളെ വിളിക്കുക: 1800 266 3202<br>വിലാസം: പ്രവൃത്തി സമയങ്ങളിൽ ഞങ്ങളുടെ ഏതെങ്കിലും ബ്രാഞ്ച് ഓഫീസുകൾ അല്ലെങ്കിൽ കോർപ്പറേറ്റ് ഓഫീസിൽ വിളിക്കാം. ബ്രാഞ്ച് ഓഫീസുകളുടെ ലിസ്റ്റ് www.magmainsurance.com ൽ കാണാം | |
| **11** | **ആവലാതികളും പരാതികളും** | **കമ്പനി ഉദ്യോഗസ്ഥർ:** ഇൻഷ്വർ ചെയ്ത വ്യക്തിക്ക് ഏതെങ്കിലും വിധത്തിൽ വിഷമമുണ്ടായാൽ, ഇൻഷ്വർ ചെയ്ത വ്യക്തിക്ക് ഞങ്ങളെ ഇതിൽ ബന്ധപ്പെടാം:<br>ഇമെയിൽ: Gro@magmainsurance.com<br>ഞങ്ങളെ വിളിക്കുക: 1800 266 3202<br><br>**ഐആർഡിഎഐ പരാതി സെൽ:**<br>ടോൾ ഫ്രീ നമ്പർ: 155255 (അല്ലെങ്കിൽ) 1800 4254 732<br>സമയം: രാവിലെ 8 മുതൽ രാത്രി 8 വരെ -- (തിങ്കൾ മുതൽ ശനി വരെ)<br><br>ലഭിച്ച പരിഹാരത്തിൽ നിങ്ങൾ തൃപ്തരല്ലെങ്കിൽ, ഐആർഡിഎഐയുടെ ഓൺലൈൻ പോർട്ടലായ ബിമ ഭറോസ സിസ്റ്റം -https://bimabharosa.irdai.gov.in/ ൽ നേരിട്ട് പരാതി രജിസ്റ്റർ ചെയ്യാം.<br><br>**ഓംബുഡ്സ്മാൻ:**<br>തീരുമാനത്തിൽ/പരിഹാരത്തിൽ നിങ്ങൾ ഇപ്പോഴും തൃപ്തനല്ലെങ്കിൽ, പരാതി ഫയൽ ചെയ്ത തീയതി മുതൽ 30 ദിവസത്തെ നിശ്ചിത കാലയളവ് കഴിഞ്ഞാൽ നിങ്ങൾക്ക് ഇൻഷുറൻസ് ഓംബുഡ്സ്മാന്റെ ഓഫീസിനെ സമീപിക്കാം. പരാതിയുടെ നിലവിലെ സ്ഥിതി മനസ്സിലാക്കാൻ , ദയവായി www.irdai.gov.in അല്ലെങ്കിൽ https://www.cioins.co.in എന്നീ വെബ്സൈറ്റുകൾ സന്ദർശിക്കുക. | സെക്ഷൻ 4.1.16<br><br>അനുബന്ധം I |
| **12** | **ഓർത്തുവയ്ക്കേണ്ട കാര്യങ്ങൾ** | **ഫ്രീ ലുക്ക് ക്യാൻസലേഷൻ:** പോളിസി ആരംഭിച്ച് 30 ദിവസത്തിനകം നിങ്ങൾക്ക് ഇൻഷുറൻസ് പോളിസി ആവശ്യമില്ലെങ്കിൽ അത് റദ്ദാക്കാവുന്നതാണ്.<br>ഫ്രീ ലുക്കുമായി ബന്ധപ്പെട്ട പ്രക്രിയയ്ക്കായി ഞങ്ങളെ വിളിക്കുക: 1800 266 3202<br><br>**പോളിസി പുതുക്കൽ:** ഇൻഷ്വർ ചെയ്ത വ്യക്തിയുടെ വഞ്ചന, വെളിപ്പെടുത്താതിരിക്കൽ അല്ലെങ്കിൽ തെറ്റായ പ്രതിനിധാനം ചെയ്യൽ എന്നിവ ഒഴികെയുള്ള സാഹചര്യങ്ങളിൽ പോളിസി സാധാരണയായി പുതുക്കാവുന്നതാണ്.<br><br>**മൈഗ്രേഷനും പോർട്ടബിലിറ്റിയും:** നിങ്ങളുടെ പോളിസി പുതുക്കേണ്ട സമയത്ത്, നിങ്ങൾക്ക് ഞങ്ങളുടെ തന്നെ മറ്റൊരു | സെക്ഷൻ 4.1.15<br><br>സെക്ഷൻ 4.1.10<br><br>സെക്ഷൻ 4.1.8, 4.1.9<br><br>സെക്ഷൻ 5.3<br><br>സെക്ഷൻ 4.1.12 |

| | | | |
|---|---|---|---|
| | | പോളിസിയിലേക്ക് മൈഗ്രേറ്റ് ചെയ്യാം അല്ലെങ്കിൽ നിങ്ങളുടെ പോളിസി മറ്റൊരു ഇൻഷുററിലേക്ക് പോർട്ട് ചെയ്യാം.<br><br>**സം ഇൻഷുർഡിലെ മാറ്റം:** പുതുക്കുന്ന സമയത്തോ അല്ലെങ്കിൽ കമ്പനിയുടെ അണ്ടർ റൈറ്റിങ്ങിന് വിധേയമായി എപ്പോൾ വേണമെങ്കിലും ഇൻഷുറൻസ് തുക മാറ്റാം (വർദ്ധിപ്പിക്കുക/കുറയ്ക്കുക). എസ്ഐ വർദ്ധിപ്പിക്കുകയാണെങ്കിൽ, കാത്തിരിപ്പ് കാലയളവ് എന്തെങ്കിലും ഉണ്ടെങ്കിൽ, ഇൻഷ്വർ ചെയ്ത തുകയുടെ വർദ്ധിപ്പിച്ച ഭാഗത്ത് മാത്രം ബാധകമായിരിക്കും.<br><br>**മൊറട്ടോറിയം കാലയളവ്:** പോളിസിക്ക് കീഴിൽ തുടർച്ചയായ എട്ട് വർഷം പൂർത്തിയാക്കിയതിന് ശേഷം ലുക്ക് ബാക്ക് ബാധകമായിരിക്കില്ല. എട്ട് വർഷത്തെ ഈ കാലയളവിനെ മൊറട്ടോറിയം കാലയളവ് എന്ന് വിളിക്കുന്നു. ആദ്യ പോളിസിയുടെ സം ഇൻഷ്വർഡിന് മൊറട്ടോറിയം ബാധകമായിരിക്കും, തുടർന്ന് തുടർച്ചയായി എട്ട് വർഷം പൂർത്തിയാകുന്നത്, മെച്ചപ്പെടുത്തിയ പരിധികളിൽ മാത്രം, ഇൻഷ്വർ ചെയ്ത തുക വർദ്ധിപ്പിച്ച തീയതി മുതൽ ബാധകമായിരിക്കും.<br><br>മൊറട്ടോറിയം കാലയളവ് അവസാനിച്ചതിന് ശേഷം, പോളിസി കരാറിൽ വ്യക്തമാക്കിയ വഞ്ചനയും സ്ഥിരമായ ഒഴിവാക്കലുകളും ഒഴികെ ഒരു ആരോഗ്യ ഇൻഷുറൻസ് ക്ലെയിമിനും തർക്കം ഉണ്ടായിരിക്കില്ല. | |
| **13** | **നിങ്ങളുടെ കടമകൾ** | ഒരു പോളിസി വാങ്ങുന്നതിന് മുമ്പ് നിലവിലുള്ള എല്ലാ രോഗങ്ങളും/ അവസ്ഥകളും ദയവായി വെളിപ്പെടുത്തുക.<br>വെളിപ്പെടുത്താതിരിക്കുന്നത് ക്ലെയിം സെറ്റിൽമെന്റിനെ ബാധിച്ചേക്കാം. പോളിസി കാലയളവിൽ മറ്റ് "മെറ്റീരിയൽ വിവരങ്ങളുടെ" വെളിപ്പെടുത്തൽ. ഈ പോളിസിയുടെ ഉദ്ദേശ്യത്തിനായുള്ള 'മെറ്റീരിയൽ വസ്തുതകൾ' എന്നത് റിസ്ക് അണ്ടർറൈറ്റിംഗ് പശ്ചാത്തലത്തിൽ അറിവോടെയുള്ള തീരുമാനമെടുക്കാൻ ഞങ്ങളെ പ്രാപ്തമാക്കുന്നതിന് പ്രൊപ്പോസൽ ഫോമിലും മറ്റ് അനുബന്ധ രേഖകളിലും ഞങ്ങൾ ആവശ്യപ്പെട്ട എല്ലാ പ്രസക്തമായ വിവരങ്ങളും എന്ന് അർത്ഥമാക്കുന്നു. | സെക്ഷൻ 4.1.1<br><br>സെക്ഷൻ 4.2.8 |

**പോളിസി ഉടമയുടെ പ്രഖ്യാപനം**

☒ ഞാൻ വായിക്കുകയും വിശദാംശങ്ങൾ ശ്രദ്ധിക്കുകയും ചെയ്തതായി സ്ഥിരീകരിക്കുന്നു

സ്ഥലം:

തീയതി: (പോളിസി ഉടമയുടെ ഒപ്പ്)

കുറിപ്പ്: എന്തെങ്കിലും വൈരുദ്ധ്യമുണ്ടായാൽ, പോളിസി ഡോക്യുമെന്റിൽ പറഞ്ഞിരിക്കുന്ന നിബന്ധനകളും വ്യവസ്ഥകളും നിലനിൽക്കും.